(ബി) ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യം സജീവ പരിഗണനയിലാണ്.

കുറ്റ്യാടി, പത്രക്കളം, മാനന്തവാടി റൂട്ടിൽ ഓടുന്ന ബസ്സുകൾ

1027 [1918] ശ്രീ. കെ. ടി. കണാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി, പത്രക്കളം, മാനന്തവാടി റൂട്ടിൽ ഇപ്പോൾ എത്ര കെ. എസ്. ആർ. ടി. സി: ബസ്സുകൾ ഓടിക്കുന്നുണ്ട്;

(ബി) ഈ റൂട്ടിൽ കൂടുതൽ സർവ്വീസുകൾ അനുവദിക്കാനുള്ള നിവേദനം കിട്ടിയിട്ടുണ്ടോ;

(സി) അതിൻപ്രകാരം എത്ര ബസ്സുകൾ അനുവദിച്ചു?

ഉത്തരം

(എ) 12 സർവ്വീസുകൾ നടത്തുന്നുണ്ട്.

(ബി) ഉണ്ട്.

(സി) മാനന്തവാടി, അത്തോളി വഴി കോഴിക്കോട്, എറണാകുളം, പൊൻകുന്നം എന്നിവിടങ്ങളിലേക്ക് സർവ്വീസ് നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയിലെ ബസ്സുകൾ

1028 [1919] ശ്രീ. കെ. പങ്കജാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂർണ്ണമായി ദേശവൽക്കരിക്കപ്പെട്ട തിരുവനന്തപുരം ജില്ലയിലെ ട്രാൻസ്പോർട്ട് റൂട്ടുകളിൽ ഓടിച്ചുകൊണ്ടിരുന്ന ബസ്സുകൾപോലും നിർത്തൽചെയ്യുകയും ആവശ്യമായ ടയറുകളും മറ്റു സ്പെയർപാർട്ട്സും ഡിപ്പോകളിലേക്ക് നൽകുന്നില്ലെന്നവസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം വിദ്യാർത്ഥികളും ജീവനക്കാരും ഉൾപ്പെടെയുള്ള യാത്രക്കാർ സ്വകാര്യ ട്രക്കുകളെ ആശ്രയിക്കേണ്ടിവരുന്ന വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ ജില്ലയിലെ ഓരോ ഡിപ്പോയിലും സബ് ഡിപ്പോയിലും ശരാശരി എത്ര ഷെഡ്യൂളുകൾ റദ്ദാക്കുന്നുണ്ട്?

ഉത്തരം

(എ) കോർപ്പറേഷനോ ഇന്നത്തെ സാമ്പത്തിക പരിമിതിക്കനുസരണമായി കഴിയുന്നിടത്തോളം ടയറുകളും സ്പെയർപാർട്ട്സുകളും വാങ്ങുകയും ഡിപ്പോയിൽ എത്തിക്കുകയും ചെയ്യുന്നുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ ജില്ലയിലെ ഓരോ ഡിപ്പോയിലും സബ്ഡിപ്പോയിലും ജൂൺമാസത്തിലെ കണക്കനുസരിച്ച് റദ്ദാക്കപ്പെട്ട ഷെഡ്യൂൾഡ് ട്രിപ്പുകളുടെ ശതമാനം താഴെപ്പറയും പ്രകാരമാണ്.

ഡിപ്പോ	റദ്ദാക്കിയ ട്രിപ്പുകളുടെ ശതമാനം
1. തിരുവനന്തപുരം സെൻട്രൽ	20.4
2. തിരുവനന്തപുരം സിറ്റി	19.8
3. പാപ്പനംകോട്	25.1
4. നെയ്യാറ്റിൻകര	25.1
5. പാറശ്ശാല	37.6
6. നെടുമങ്ങാട്	29.2
7. ആറ്റിങ്ങൽ	27.5
8. വിഴിഞ്ഞം	30.8
സബ്ഡിപ്പോ	
1. വികാസ്ഭവൻ	14.7
2. കാട്ടാക്കട	38.9
3. പൂവാർ	17.5
4. പേരൂർക്കട	19.9
ഓപ്പറേറ്റിംഗ് സെന്റർ	
1. കിളിമാനൂർ	34.7
2. പാലോട്	39.0

തണ്ണീർപന്തൽ റൂട്ടിൽ ഓടുന്ന ട്രാൻസ്പോർട്ട് ബസ്സുകൾ

1029 [1920] ശ്രീ. കെ. ടി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട്–വടകര–തണ്ണീർപന്തൽ റൂട്ടിൽ ഓടുന്ന ട്രാൻസ്പോർട്ട് ബസ്സുകൾ കുറ്റ്യാടി വരെ ഓടിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

കോഴിക്കോട്–വടകര–തണ്ണീർപന്തൽ റൂട്ടിൽ ഇപ്പോൾ ട്രാൻസ്പോർട്ട് ബസ്സുകൾ ഓടിക്കാത്തതിനാൽ പ്രസ്തുത സർവ്വീസ് കുറ്റ്യാടി വരെ ഓടിക്കുന്ന പ്രശ്നം ഉദിക്കുന്നില്ല.

പത്തനംതിട്ട ഡിപ്പോയിൽനിന്നും ഓപ്പറേറ്റു ചെയ്യുന്ന ഷെഡ്യൂളുകൾ

1030 [1921] ശ്രീ. വി.എസ്. ചന്ദ്രശേഖരൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും നടത്തിക്കൊണ്ടിരിക്കുന്ന ഷെഡ്യൂളുകൾ എത്ര;

(ബി) അതിലേക്കാവശ്യമുള്ള ബസ്സുകളുടെ എണ്ണം എത്ര;

(സി) 1986 ജൂൺ മാസത്തിൽ ഷെഡ്യൂൾ ക്യാൻസലേഷൻ ഉണ്ടായിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനമാണെന്നു വ്യക്തമാക്കുമോ;

(ഡി) ടയറും മറ്റുമില്ലാത്തതിനാൽ സർവ്വീസ് നടത്താൻ കഴിയാത്ത വാഹനങ്ങളെത്രയുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly